**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6677** **21-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങൾ ജനസൗഹൃദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ ജനസൗഹൃദമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ ജനസൗഹൃദമാക്കുവാൻ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഇനത്തിൽ; മുതിർന്ന പൗരന്മാർക്ക് 50% ഇളവ് അനുവദിച്ചിട്ടുണ്ട് .<br><br>ടൂറിസം വികസനത്തിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി രൂപീകരിച്ച ടൂറിസം ക്ലബ്ബുകളുടെയും കൂടി പങ്കാളിത്തത്തോടെ ഡെസ്റ്റിനേഷനുകളുടെ പരിപാലനം നടപ്പിലാക്കി വരുന്നു.<br><br>ടൂറിസം കേന്ദ്രങ്ങളിലെ പ്രാദേശിക ജനവിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നത് . ടൂറിസ്റ്റുകളും തദ്ദേശവാസികളും തമ്മിലുള്ള ഊഷ്മളമായ ബന്ധം വളർത്തിയെടുക്കുന്നതിനായി ഗസ്റ്റ് മാനേജ്മെന്റ് പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു .<br><br>ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി 'ക്ലീൻ ഡെസ്റ്റിനേഷൻ' ഉൾപ്പെടെയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണവും നടപ്പിലാക്കി വരുന്നുണ്ട് .<br><br>84 ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാരായ സഞ്ചാരികൾക്ക് ഉപകാരപ്രദമാകും വിധം |

| | | | |
|---|---|---|---|
| | | | 'ബാരിയർ ഫ്രീ ടൂറിസം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി 184 ടൂറിസം പോലീസിനെ കേരളത്തിലെ 14 ജില്ലകളിലായി നിയോഗിക്കുകയും, നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കി വരികയും ചെയ്യുന്നു . |
| (ബി) | ധാരളം വിനോദസഞ്ചാരികൾ എത്തുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം ടോയ്‌ലറ്റ്, റിഫ്രഷ്മെന്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ പ്രത്യേക കർമ്മപദ്ധതിക്ക് രൂപം നൽകാമോ; | (ബി) | നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് എന്നിവിടങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ് . ശംഖുമുഖം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ പ്രധാന പാതയോരങ്ങളിൽ 'ടേക്ക് എ ബ്രേക്ക്' എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട് . ടി പദ്ധതി പ്രകാരം പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും പാതയോരങ്ങളിലും സഞ്ചാരികൾക്ക് റിഫ്രെഷ്മെന്റ് സൗകര്യവും, ടോയ്‌ലറ്റ് സൗകര്യവും ഉൾപ്പെടുന്നു. |
| (സി) | സംസ്ഥാനത്ത് ഉടനീളമുള്ള റോഡുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സമീപത്തെ ടൂറിസം കേന്ദ്രങ്ങളുടെ പേരുകൾ കൂടി അതിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (സി) | പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ